File No.FWLD-A1/46/2019-FWLD

22494
10/12/19

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

കുമരകം പക്ഷിസങ്കേതത്തിൽ 1997-98 കാലഘട്ടത്തിൽ നടന്ന ബണ്ട് നിർമ്മാണത്തിലുണ്ടായ ക്രമക്കേട് - സർവ്വശ്രീ.റ്റി.എ.സാദിഖ് ഖാൻ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (റിട്ട), ജെ.ഹരിദാസ്, റെയിഞ്ച് ഓഫീസർ (റിട്ട), പി.റെജികുമാർ, ഫോറസ്റ്റ് ഗാർഡ് (റിട്ട) എന്നിവരുടെ സസ്പെൻഷൻ കാലയളവ് ക്രമീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.401/2019/വനം തിരുവനന്തപുരം, തീയതി, 01/10/2019

---

പരാമർശം:- (1) സ.ഉ.(സാധാ) നം.215/2002/വനം തീയതി 12.07.2002

(2) സ.ഉ.(സാധാ) നം.467/2003/വനം തീയതി 24.12.2003

(3) സ.ഉ.(സാധാ) നം.250/2004/വനം തീയതി 17.06.2004

(4) സ.ഉ.(സാധാ) നം.168/2005/വനം തീയതി 23.03.2005

(5) VC 10/04/കെ.ടി.എം.കേസിലെ കോട്ടയം വിജിലൻസ് എൻക്വയറി കമ്മീഷണർ& സ്പെഷ്യൽ ജഡ്ജിന്റെ 30.11.2018 ലെ വിധിന്യായം

(6) 15.05.2019-ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) & അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) ബി9-15851/04 നടപടി ഉത്തരവ്

(7) 15.05.2019-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-15851/04 നമ്പർ കത്ത്

## ഉത്തരവ്

കുമരകം പക്ഷിസങ്കേതത്തിൽ 1997-98 കാലഘട്ടത്തിൽ നടന്ന ബണ്ട് നിർമ്മാണത്തിലുണ്ടായ ക്രമക്കേടുമായി ബന്ധപ്പെട്ട് സർവ്വശ്രീ.റ്റി.എ.സാദിഖ് ഖാൻ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (റിട്ട) , ജെ.ഹരിദാസ്, റെയിഞ്ച് ഓഫീസർ (റിട്ട), പി.റെജികുമാർ, ഫോറസ്റ്റ് ഗാർഡ് (റിട്ട) എന്നിവരെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ശ്രീ.റ്റി.എ.സാദിഖ് ഖാന് സർക്കാർ തലത്തിലും സർവ്വശ്രീ.ഹരിദാസ്, പി.റെജികുമാർ എന്നിവർക്ക് ചീഫ് കൺസർവേറ്റർ തലത്തിലും കുറ്റപത്രം നൽകുകയും പരാമർശം (2) പ്രകാരം ടിയാന്മാരെ സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തിരുന്നു. തുടർന്ന് ഒരു ഔപചാരികാന്വേഷണത്തിന് പരാമർശം (3) പ്രകാരം ഉത്തരവായി.

2) ഔപചാരികാന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രീ.റ്റി.എ.സാദിഖ് ഖാന്

എതിരെയുള്ള ഒരു ചാർജ്ജ് ഭാഗികമായി തെളിഞ്ഞു. സർവ്വശ്രീ.ജെ.ഹരിദാസ്,പി.റെജികുമാർ എന്നിവർക്കെതിരെയുള്ള ചാർജ്ജുകളൊന്നും തെളിഞ്ഞില്ല. എന്നാൽ ടി വിഷയത്തിൽ വിജിലൻസ് വിസി 10/04/കെ.ടി.എം നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് വകുപ്പുതല അച്ചടക്ക നടപടികൾ വിജിലൻസ് കേസ് പൂർത്തിയാക്കുന്നതുവരെ നിർത്തിവയ്ക്കുകയും ചെയ്തു. അച്ചടക്ക നടപടിയിലെ അതേ ചാർജ്ജുകളിലാണ് വിജിലൻസ് കേസ് നിലവിലുള്ളതെന്ന കാരണത്താൽ ശ്രീ.റ്റി.എ.സാദിഖ് ഖാനെതിരെയുള്ള അച്ചടക്ക നടപടി പരാമർശം (4) പ്രകാരം അവസാനിപ്പിച്ച് ഉത്തരവായി.

3) VC 10/04/KTM നമ്പർ കേസിൽ കോട്ടയം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് സർവ്വശ്രീ.റ്റി.എ.സാദിഖ് ഖാൻ, ജെ.ഹരിദാസ്, പി.റെജികുമാർ എന്നിവരെ പരാമർശം (5) പ്രകാരം കുറ്റവിമുക്തരാക്കി ഉത്തരവായി.

4) വിജിലൻസ് കേസിൽ സൂചിപ്പിച്ചിരുന്ന ചാർജ്ജുകൾക്ക് സമാനമായ ചാർജ്ജുകളാണ് അച്ചടക്ക നടപടിയ്ക്ക് നിദാനമായതെന്നതും ടി കേസിൽ കുറ്റവിമുക്തരാക്കിയിട്ടുള്ളതും ഇതേ വിഷയം സംബന്ധിച്ച് വകുപ്പ് തലത്തിൽ നടത്തിയ ഔപചാരികാന്വേഷണത്തിൽ സർവ്വശ്രീ.ജെ.ഹരിദാസ്, പി.റെജികുമാർ എന്നിവർക്കെതിരെയുള്ള കുറ്റങ്ങൾ തെളിഞ്ഞിട്ടില്ലാത്തതിനാലും ടി ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ട് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്) & അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (6) പ്രകാരം ഉത്തരവായി.

5) വിജിലൻസ് കേസിൽ കുറ്റവിമുക്തരാക്കുകയും, വകുപ്പുതല അച്ചടക്ക നടപടി അവസാനിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ മേൽ ഉദ്യോഗസ്ഥരുടെ 12.07.2002 മുതൽ 24.12.2003 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (7) പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 30/11/2018-ലെ വിധിന്യായ പ്രകാരം സർവ്വശ്രീ.റ്റി.എ.സാദ്ദിഖ് ഖാൻ, ജെ.ഹരിദാസ്, പി.റെജികുമാർ എന്നിവരെ കോട്ടയം വിജിലൻസ് എൻക്വയറി കമ്മീഷണർ& സ്പെഷ്യൽ ജഡ്ജ് കുറ്റവിമുക്തരാക്കിയിട്ടുള്ളത് honourable acquittal തന്നെയാണ്. ഈ സാഹചര്യത്തിൽ സർവ്വശ്രീ.റ്റി.എ.സാദിഖ് ഖാൻ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (റിട്ട), ജെ.ഹരിദാസ്, റെയിഞ്ച് ഓഫീസർ (റിട്ട),

പി.റെജികമാർ, ഫോറസ്റ്റ് ഗാർഡ്(റിട്ട) എന്നിവരുടെ 12.07.2002 മുതൽ 24.12.2003 വരെയുള്ള സസ്പെൻഷൻ കാലയളവ് ടി കാലയളവിൽ ടി ജീവനക്കാർ കൈപ്പറ്റിയ ഉപജീവന ബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും 24/12/2003 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള കാലയളവ് കേരള സർവ്വീസ് റൂൾസ് ഭാഗം 1,റൂൾ 56(ബി)(9) കുറിപ്പ്-2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.റ്റി.എ.സാദിഖ് ഖാൻ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (റിട്ട),

ശ്രീ. ജെ.ഹരിദാസ്, റെയിഞ്ച് ഓഫീസർ (റിട്ട),

ശ്രീ. പി.റെജികമാർ, ഫോറസ്റ്റ് ഗാർഡ്(റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

വനം വന്യജീവി (പി.എസ്.) വകുപ്പ്

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date 2019.10.11 13:59:59 IST
Reason Approved

സെക്ഷൻ ഓഫീസർ